സുഹൈറലി തിരുവിഴാംകുന്ന്

# കിതാബുൻ മർഖൂമും ഡിജിറ്റൽ സാങ്കേതിക വിദ്യയും

**നാം** ജീവിക്കുന്നത് ഡിജിറ്റൽ സങ്കേതിക വിദ്യയുടെ യുഗത്തിലാണ്. നമ്മൾ പ്രവർത്തിപ്പിക്കുന്ന കമ്പ്യൂട്ടറിന്റെയും അതിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളുടെയും ഇന്റർനെറ്റ് വഴി കമ്പ്യൂട്ടർ സ്ക്രീനിലെത്തുന്ന കോടാനുകോടി വിജ്ഞാനങ്ങളുടെയും ശബ്ദ-ദൃശ്യങ്ങളുടെയും ഭാഷയെ നാം ഡിജിറ്റൽ ഭാഷയെന്ന് വിളിക്കുന്നു. അതുകൊണ്ടാണ് നമ്മുടെ കാലത്തെ ഡിജിറ്റൽ യുഗമെന്ന് വിശേഷിപ്പിക്കുന്നത്.

കമ്പ്യൂട്ടറിന് ഒരു ഭാഷ മാത്രമേ അറിയൂ. 'യന്ത്രഭാഷ' എന്നു വിളിക്കുന്ന ഡിജിറ്റൽ ഭാഷയാണത്. ഇതിൽ അക്കങ്ങളും അക്ഷരങ്ങളുമായി രണ്ടേ രണ്ട് സംഖ്യകൾ മാത്രം. പൂജ്യവും ഒന്നും. ഈ ബൈനറി അക്കങ്ങൾകൊണ്ടാണ് കമ്പ്യൂട്ടറിന്റെ ഡാറ്റയും സ്വരങ്ങളും അക്ഷരങ്ങളും നിർമിച്ചിരിക്കുന്നത്. നമ്മൾ നൽകുന്ന വിവരങ്ങൾ ബൈനറി കോഡിലേക്ക് പരിഭാഷപ്പെടുത്തുകയാണ് കമ്പ്യൂട്ടർ. ഈ രീതിയിലുള്ള കമ്പ്യൂട്ടറിലെ ട്രാൻസലേറ്റർമാരെയാണ് കംപയിലർ, ഇന്റർപ്രട്ടർ എന്നു വിളിക്കുന്നത്.

ഡിജിറ്റൽ ലൈബ്രറിയും മ്യൂസിക്കും സിനിമയും നമ്മുടെ വീടുകളിൽ എത്തിക്കഴിഞ്ഞു. ഒരു കാലത്ത് ചിത്രലിപികളിലാണ് വിവരങ്ങൾ കൊത്തിവെച്ചിരുന്നത്. ഭാഷകൾ വന്നതോടെ ആ സ്ഥാനം അക്ഷരങ്ങൾ കൈയടക്കി. ഇന്ന് എല്ലാം ഡിജിറ്റലിൽ എഴുതാം.

കാലാതിവർത്തിയായ വിശുദ്ധഖുർആനിൽ ആലേഖന വിദ്യയിലെ ഈ ഡിജിറ്റൽ ആഖ്യാനത്തെപ്പറ്റി പരാമർശമില്ലാതെ വരുമോ? ഇവിടെയാണ് ഖുർആനിലെ ചില പദപ്രയോഗങ്ങൾ ശ്രദ്ധേയമാവുന്നത്. പരലോകത്ത് മനുഷ്യന്റെ കർമപുസ്തകം നൽകപ്പെടുന്ന സംഭവവുമായി ബന്ധപ്പെട്ട് ഖുർആൻ 83-ാം അധ്യായത്തിൽ ഇങ്ങനെ പറയുന്നു:

'നിശ്ചയം ദുർമാർഗികളുടെ ഗ്രന്ഥം സിജ്ജീനിലാകുന്നു. സിജ്ജീനെന്താണെന്ന് താങ്കൾക്കറിയാമോ? അത് 'കിതാബുൻ മർഖൂ'മാകുന്നു.... നിശ്ചയം സൽകർമികളുടെ കർമരേഖ ഇല്ലിയ്യീനിൽ ആകുന്നു. 'ഇല്ലിയ്യൂൻ' എന്താണെന്ന് താങ്കൾക്കറിയാമോ? അത് കിതാബുൻ മർഖൂമാകുന്നു.'

'കിതാബുൻ മർഖൂമി'നെ എഴുതപ്പെട്ട പുസ്തകം എന്നാണ് പരിഭാഷപ്പെടുത്താറുള്ളത്. 'റഖം' എന്ന അറബി വാക്കിന്റെ അർഥം നമ്പർ, ഡിജിറ്റ്(അക്കം) എന്നെല്ലാമാണ്. 'മർഖൂമെ'ന്നാൽ നമ്പർ ചെയ്യപ്പെട്ടതെന്നോ ഡിജിറ്റലൈസ് ചെയ്തതെന്നോ പറയാം. ഡിജിറ്റൽ ലൈബ്രറിക്ക് അറബിയിൽ 'മക്തബഃ റഖമിയ്യ' എന്നാണ് പറയുക. മലയാളത്തിൽ അതേ അർഥം വരുന്ന സാങ്കേതിക പദമില്ലാത്തതുകൊണ്ട് 'ഡിജിറ്റൽ' എന്നുതന്നെ പ്രയോഗിക്കുന്നു. എഴുതപ്പെട്ടത് എന്ന അർഥം നേർക്കുനേരെ ലഭിക്കണമെങ്കിൽ 'മക്തൂബ്' എന്നാണ് വരേണ്ടിയിരുന്നത്. എന്തുകൊണ്ട് ആലേഖനത്തെ കുറിക്കാൻ 'മർഖൂം' എന്ന് പ്രയോഗിച്ചു?

മൗലാനാ മൗദൂദി സിജ്ജീൻ, ഇല്ലിയ്യൂൻ എന്നതിന് ഗ്രന്ഥമെന്ന അർഥം ഒഴിവാക്കി യഥാക്രമം തടവുകാരുടെ പട്ടികയെന്നും ഉന്നതസ്ഥാനീയരുടെ പട്ടികയെന്നും അർഥം നൽകിയിരിക്കുന്നു. അങ്ങനെയെങ്കിൽ മർഖൂമിനെ ഡിജിറ്റൽ രേഖയെന്നും വ്യാഖ്യാനിച്ചുകൂടേ?

'എഴുതപ്പെട്ടത്' എന്ന അർഥം ഏകകണ്ഠമല്ല എന്നർഥം. മർഖൂമിന് അഞ്ച് വ്യാഖ്യാനങ്ങൾ റാസി(റ) ഉദ്ധരിക്കുന്നുണ്ട്. അതിലൊന്ന് മാത്രമാണ് 'മക്തൂബത്' അഥവാ 'എഴുതപ്പെട്ടത്.' മറ്റൊരർഥം 'സീൽ ചെയ്യപ്പെട്ടത്' എന്നാണ്. മറ്റു മൂന്നർഥങ്ങളും 'റഖം' അഥവാ



കണക്കുമായി ബന്ധപ്പെടുത്തിത്തന്നെയാണ്. ഒന്ന്, നരകം നിർബന്ധമാണെന്ന് കണക്കാക്കി. രണ്ട്, കച്ചവടക്കാരൻ വിലക്കനുസരിച്ച് കണക്കു കൂട്ടുന്നതുപോലെ കർമങ്ങൾ നമ്പറിട്ട് വെച്ചിരിക്കും. മൂന്ന്, അവരുടെ ശിക്ഷ നമ്പറിട്ട പോലെ സ്ഥിരീകരിച്ചിരിക്കുന്നു. അതിലൊന്നും വിട്ടുപോവുകയില്ല.

ഇത്രയും വ്യാഖ്യാന സാധ്യതയുള്ളപ്പോൾ അല്ലാഹു ഉപയോഗിച്ച ഒരു പദത്തിന് നേർക്കുനേരെയുള്ള അർഥം യോജിക്കുമെങ്കിൽ അതുതന്നെ നൽകുകയല്ലേ വേണ്ടത്? ഖുർആനിലെ അത്ഭുതങ്ങൾ ഒരു കാലത്തും അവസാനിക്കുകയില്ലെന്ന പ്രവാചക വചനത്തിന്റെ ഒരു പുലർച്ച കൂടിയായി ഇതിനെ മനസ്സിലാക്കിക്കൂടേ? ■